# പ്രവേശകം

ഇ.സി.ജി.സുദർശൻ

പ്രകാശത്തേക്കാൾ വേഗമുള്ള ടാക്കിയോണുകളെക്കുറിച്ചുള്ള പഠനത്തിലൂടെ ലോകപ്രശസ്തനായിത്തീർന്ന ഇ.സി.ജി.സുദർശൻ എന്ന ഊർജതന്ത്ര ശാസ്ത്രജ്ഞൻെറ ഒരു അഭിമുഖത്തിലൂടെ ആദ്യ യൂണിറ്റിലേക്ക് പ്രവേശിക്കാം പുതിയ ആശയ രൂപീകരണത്തിൽ മാതൃഭാഷാപഠനം ഒരു വ്യക്തിയെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് അദ്ദേഹം വ്യകതമാക്കുന്നു: മാതൃഭാഷ മനുഷ്യാവകാശ പ്രശ്നമാണ്.ഒരു വ്യക്തിയുടെ വ്യക്തിത്വത്തേയും ബോധതലത്തേയും സർഗാത്മക തലത്തേയും ബൗദ്ധിക തലത്തേയും സ്വാധീനിക്കാൻ മാതൃഭാഷയ്ക്ക് കഴിയും.ഊർജതന്ത്രത്തിലെ പുതിയ കണ്ടെത്തലുകളിലേക്ക് അദ്ദേഹത്തെ നയിച്ചത് അന്നത്തെ മലയാളം ക്ലാസുകളായിരുന്നു എന്ന് അദ്ദേഹം വ്യകതമാക്കുന്നു.ഏതൊന്നും വൈകാരികമായി മനസിൽ പതിയണമെങ്കിൽ മാതൃഭാഷയിൽ തന്നെ കേൾക്കണം. പറഞ്ഞു തുടങ്ങിയാൽ എല്ലാം മാന്ത്രികമാകുന്ന മലയാളം:സർഗാത്മക പ്രവർത്തനങ്ങളുടെ അകത്തേക്ക് ( എഴുത്തകം ) പ്രവേശിക്കാൻ ഈ അഭിമുഖ സംഭാഷണം സഹായിക്കും.

www.rrvgirls.com

www.rrvgirls.com

# UNIT : 1

# എഴുത്തകം

## കണ്ണാടി കാൺമോളവും

എഴുത്തച്ഛന്റെ മഹാഭാരതം കിളിപ്പാട്ടിലെ സംഭവ പർവം എന്ന അധ്യായത്തിലെ ഒരു ഭാഗമാണ് ഈ പാഠം

1. എഴുത്തച്ഛന്റെ സ്ത്രീസങ്കല്പത്തിനുദാഹരണമാണ് സംഭവ പർവത്തിലെ ശകുന്തള
2. ശകുന്തള പുരുഷാധിപത്യത്തെ പ്രതിരോധിക്കുന്നു.
3 .എഴുത്തച്ഛന്റെ ശകുന്തളയിലും കുമാരനാശാന്റെ ചിന്താവിഷ്ടയായ സീതയിലെയും കഥാപാത്രങ്ങൾ സമാന ചിന്താഗതി പുലർത്തുന്നു'
4 എഴുത്തച്ഛന്റെ കൃതികൾ ലോകോക്തികളാൽ സമ്പന്നമാണ്.

### എഴുത്തച്ഛന്റെ ഭാഷ

എഴുത്തച്ഛൻ സാഹിത്യപ്രവർത്തനം തുടങ്ങുമ്പോൾ തൊട്ടുകാണിക്കാവുന്ന വ്യക്തിധർമ്മങ്ങളുള്ള രണ്ടു പ്രസ്ഥാനങ്ങൾ ഭാഷയിൽ ശക്തമായിരുന്നു; പാട്ടും മണിപ്രവാളവും. സംസ്കൃതഭാഷയിലെപ്പോലെ ഹൃദയഹാരിയായ വാക്കുകളെ മലയാളിക്കു വശപ്പെടുത്തിയത് മണിപ്രവാളമായിരുന്നു. പാട്ടിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത അതിന്റെ ദ്രമിഡസംഘാതാക്ഷരത്വമാണ്. മണിപ്രപവാളവും പാട്ടും തമ്മിൽ പ്രാരംഭഘട്ടത്തിലുണ്ടായിരുന്ന പ്രകട വ്യതിരേകം കാലം കഴിയും തോറും കുറഞ്ഞുകുറഞ്ഞു വന്നു. പാട്ടും മണിപ്രാവാളവും തമ്മിലുള്ള ഭാഷാപരമായ അന്തരം കുറച്ചതാണ് കണ്ണശ്ശക്കവികളുടെ മുഖ്യ സംഭാവന. പാട്ടിന്റെയും മണിപ്രവാളത്തിന്റെയും ആരോഗ്യകരവും അഭിലഷണീയവും അനുകരണീയവുമായ മേളനഫലമാണ് എഴുത്തച്ഛന്റെ ഭാഷാശൈലി. പാട്ടിന്റെ ഭാവാം

Scanned with CamScanner

ശവും മണിപ്രവാളത്തിന്റെ ഭാഷാശവും അസാധാരണവും അത്യന്തം നിഗൂഢവുമായ ഒരു രാസയോഗത്തിൽ ഒന്നായിത്തീർന്നിരിക്കുന്നു. മലയാളത്തിലെ ശക്തിയുള്ള പദങ്ങളധികവും ഈ കവിയുടെ സ്വന്തമാണ്. എഴുത്തച്ഛനെപ്പോലെ ഭാവാനുരോധമായി ഭാഷ പ്രയോഗിച്ചിട്ടുള്ള ഒരു കവിയും മലയാളത്തിലില്ല. ഓരോ ഭാവത്തിനും എഴുത്തച്ഛന് ഓരോ ഭാഷയുണ്ടായിരുന്നു. വായ്മൊഴിയുടെ ആത്മമുദ്രപതിഞ്ഞിട്ടുള്ള വാക്കുകളും പ്രയോഗങ്ങളും സരസ്വതിയെപ്പോലെ അന്തർവാഹിനിയായി എഴുത്തച്ഛന്റെ കാവ്യഗംഗയിൽ ലയിച്ചു ചേർന്നിട്ടുണ്ട്.

എൻ.ആർ.ഗോപിനാഥപിള്ള–പാഠഭേദം

ഉദ്ധരണികൾ

- ‘നമുക്കെഴുത്തച്ഛനെടുത്ത ഭാഷക്രമക്കണക്കേ ശരണം’

കുഞ്ഞിക്കുട്ടൻ തമ്പുരാൻ(കേരളം)

- സംസ്കൃതം കഴിയുന്നിടത്തോളം കുറച്ച്, സംസ്കൃതപദങ്ങളെ മലയാള പ്രത്യയങ്ങൾ ചേർത്ത് ഭാഷാകവിതയ്ക്ക് ഏത് ആശയത്തെയും, ഉദ്വഹിക്കുവാനുള്ള പ്രഭാവം ഉണ്ടാക്കിക്കൊടുക്കുകയാണ് എഴുത്തച്ഛൻ നിർവഹിച്ചിട്ടുള്ള പ്രശസ്തമായ സാഹിത്യസേവനം.

ഡോ.കെ.ഗോദവർമ്മ (കേരളഭാഷാവിജ്ഞാനീയം)

- “രണ്ടു കൈവഴികളിലായി പിരിഞ്ഞുകൊണ്ടിരുന്ന കേരളകവിതാസരണിയെ വീണ്ടും കൂട്ടിച്ചേർത്ത് ഒരു പ്രവാഹമാക്കി വിട്ട മഹാപുരുഷൻ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛനാണ”.

എ.ആർ.രാജരാജവർമ്മ (കേരളപാണിനീയം പീഠിക)

- ‘നാടൻപാട്ടുകൾ പോലെ നേരെ ജനഹൃദയങ്ങളിൽ കടന്നുചെല്ലാൻ കഴിവുള്ളതും മണിപ്രവാളത്തിന്റെ കാവ്യഗുണം ഉൾക്കൊള്ളുന്നതുമാണ് എഴുത്തച്ഛന്റെ കിളിപ്പാട്ടുകൾ.’

ഇളംകുളം കുഞ്ഞൻപിള്ള

- “രംഗാവിഷ്കരണത്തിൽ കലയുണ്ടാക്കുകയാണ് ചെറുശ്ശേരി. കലാനിർമ്മാണത്തിൽ രംഗാവിഷ്കാരം സാധിക്കുകയാണ് എഴുത്തച്ഛൻ.”

ഡോ.ചേലനാട് അച്യുതമേനോൻ(പ്രദക്ഷിണം)

- എഴുത്തച്ഛനെഴുതുമ്പോൾ
സംഭവിപ്പതെന്തെന്നു ഞാനറിയുന്നു;
പറക്കുന്നു കുതിരക

www.rrvgirls.com

ളെഴുത്താണിത്തുമ്പിലൂടെ-സച്ചിദാനന്ദൻ

- 'കേട്ടുകേളി' , 'കടുകിന്മണി'- നിത്യജീവിതസാഹചര്യങ്ങളിൽ നിന്നും നാട്ടുസംസ്കാരങ്ങളിൽ നിന്നും രൂപപ്പെട്ട ഇത്തരം പദങ്ങളെ കാവ്യഭാഷയിൽ പ്രയോജനപ്പെടുത്തുന്നത് എഴുത്തച്ഛന്റെ രചനാസവിശേഷതയാണ്.
- ഉവന്നു,നല്ലൻ,തമ്മുടെ പ്രാചീനപദങ്ങളുടെ പ്രയോഗം.
- ഇന്ന് നാം സംസാരിക്കുന്ന മലയാളവും എഴുത്തച്ഛന്റെ കാവ്യഭാഷയും തമ്മിലുള്ള അന്തരം വളരെ കുറവാണ്.
- 'പരഭൃത' എന്ന പദം ഉണർത്തുന്ന അർത്ഥത്തിന്റെ അടരുകൾ ശ്രദ്ധേയമാണ്. ശകുന്തളയെ കാക്കകൂട്ടിൽ മുട്ടയിടുന്ന കുയിലിനോട് ഉപമിക്കുന്നു. അച്ഛനമ്മമാരുടെ പരിചരണത്തിൽ വളരാത്തതിനാൽ വളർത്തുദോഷമുള്ളവളെന്ന നിന്ദാസൂചനയിലേത്തിക്കാൻ 'പരഭൃത' എന്ന പദത്തിന് കഴിയുന്നു.
- ദുർജനസ്വഭാവത്തെ മദയാനയോട് സാമ്യപ്പെടുത്തുന്നതും ശ്രദ്ധേയമാണ്. അന്യരെ കുറ്റപ്പെടുത്തുമ്പോൾ ദുർജ്ജനങ്ങൾക്കു ലഭിക്കുന്ന സന്തോഷത്തിന് സമാനമാണ് മദയാനയുടെ മണ്ണുകുത്തി വാരിയെറിഞ്ഞുകൊണ്ടുള്ള കളി. ലോകതത്ത്വത്തെ സൂക്ഷ്മമായി ആവിഷ്കരിക്കാൻ എഴുത്തച്ഛന്റെ കാവ്യ ഭാഷയ്ക്കു സാധിക്കുന്നു.
- 'കുലടയായ നീ വന്നെന്നോടു കുലീനയെന്നലസാലാപം ചെയ്തതഖിലമലമലം'. ഈ വരികളിലെ പ്രാസപ്രയോഗം വക്താവിന്റെ മനസ്സിലുള്ള പരിഹാസഭാവത്തെ ഭംഗിയായി ധ്വനിപ്പിക്കുന്നു.
- 'ധാത്രീശൻ' , 'ഭവാൻ' തുടങ്ങി സ്തുതിവാക്കുകൾ പരിഹാസപൂർവം പ്രയോഗിച്ച് കൊണ്ട് തന്റെ മുന്നിൽ ദുഷ്ഷന്തൻ എത്ര നിസ്സാരനാണെന്ന് വ്യക്തമാക്കുകയാണ് ശകുന്തള. പദൗചിത്യം ഇവിടെ പ്രകടമാകുന്നു.
- 'കണ്ണാടി കാൺമോളവും' എന്ന വിശിഷ്ടപദരചന ഉണർത്തുന്ന സൗന്ദര്യാനുഭവം.
- "കേട്ടുകേളിയേയുള്ളു കണ്ടിട്ടില്ലേവം മുന്നം"

  "കണ്ണാടി കാൺമോളവും തന്നുടെ മുഖമേറ്റം"
  നന്നെന്നു നിരൂപിക്കുമെത്രയും വിരൂപന്മാർ

  "സത്യധർമ്മാദി വെടിഞ്ഞീടിന പുരുഷനെ

  ക്രുദ്ധനാം സർപ്പത്തെക്കാളേറ്റവും പേടിക്കണം"

തുടങ്ങി പ്രയോഗങ്ങൾ വാമൊഴിയിലും വരമൊഴിയിലും പ്രതിഷ്ഠ നേടിയവയാണ്

ആശാന്റെ 'ചിന്താവിഷ്ടയായ സീതയുടെ' സമീപനവും എഴുത്തച്ഛന്റെ ശകുന്തളയുടെ സമീപനവുമായുള്ള സമാനതകൾ കണ്ടെത്തുക.

Scanned with CamScanner

- വാല്മീകിരാമായണത്തിൽ നിന്ന് വ്യത്യസ്തമായ വ്യക്തിത്വമാണ് ആശാന്റെ സീതയ്ക്കുള്ളത്. എന്നാൽ വ്യാസഭാരതത്തെ അതേപടി അനുസരിച്ചാണ് ശകുന്തള എന്ന കഥാപാത്രത്തെ എഴുത്തച്ഛൻ സൃഷ്ടിച്ചത്.
- ആശാന്റെ സീതയിൽ പുരുഷന്റെ കളിപ്പാവയല്ല സ്ത്രീ എന്ന സ്വാതന്ത്ര്യപ്രഖ്യാപനവുമുണ്ട്. സ്വയം വിമർശനത്തിന് വിധേയരാവാതെ അന്യരെ വിമർശിക്കുക മാത്രം ചെയ്യുന്ന പുരുഷശീലങ്ങളോടുള്ള കലഹം എഴുത്തച്ഛന്റെ ശകുന്തളയും പ്രകടിപ്പിക്കുന്നു.
- പുരുഷകേന്ദ്രിതമായ അധികാരവ്യവസ്ഥയെ രണ്ടു കഥാപാത്രങ്ങളും ചോദ്യം ചെയ്യുന്നു.
- രണ്ടു കഥാപാത്രങ്ങളുടെയും പരിശുദ്ധി ചോദ്യം ചെയ്യപ്പെടുന്നു.
- ജനങ്ങൾക്ക് ആ പരിശുദ്ധി ബോധ്യപ്പെടേണ്ട അവസ്ഥ രണ്ടിലും രൂപപ്പെടുന്നു.

## ▪ ദയാബായി

- ജീവിതം ദുരിതമനുഭവിക്കുന്നവർക്കായി നീക്കിവെച്ച് കന്യാഭവനത്തിൽ നിന്ന് കീഴാളരുടെയും ചേരിനിവാസികളുടെയും ഇടങ്ങളിലേക്കെത്തിയ സാമൂഹികപ്രവർത്തക, 1941 ഫെബ്രുവരി 22 ന് പാലായിലെ പൂവരണിയിൽ ജനിച്ചു. യഥാർഥ പേര് മേഴ്സി മാത്യു. കൊച്ചുകൊട്ടാരം പ്രൈമറി സ്കൂൾ, വിളക്കുമാടം സെന്റ് ജോസഫസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. 1958 ൽ ബിഹാറിലെ പഹാരിബാഗ് കോൺവെന്റിൽ കന്യാസ്ത്രീ ആകാൻ ചേർന്നെങ്കിലും പരിശീലനം പൂർത്തിയാക്കുന്നതിന് ഒരു വർഷം മുമ്പേ 1965 ൽ കോൺവെന്റ് ഉപേക്ഷിച്ച് ബിഹാറിലെ പലാമോ ജില്ലയിലെ ഗോത്രവർഗ മേഖലയിലെ മഹോഡയിൽ പ്രവർത്തിച്ചു. ബി.എസ്.സി., എം.എസ്.ഡബ്ളിയു, എൽ.എൽ.ബി ബിരുദങ്ങൾ നേടിയിട്ടുണ്ട്. 'വനിത വുമെൺ ഓഫ് ദി ഇയർ' 2007 അവാർഡ് ലഭിച്ചു. ബോംബെയിലെ ചേരികളിലെ പ്രവർത്തനങ്ങളിലും ബംഗ്ളാദേശ് യുദ്ധത്തിനു ശേഷം യുദ്ധാനന്തരസേവനങ്ങളിലും ഭോപ്പാൽ ദുരന്തത്തിന്റെ രക്ഷാപ്രവർത്തനങ്ങളിലും ഏർപ്പെട്ടു. 1981 മുതൽ തിൻസൈ ഗോത്രവർഗ ഗ്രാമത്തിൽ ഗോണ്ടുകളോടൊപ്പം ജീവിച്ച് അവരുടെ അവകാശങ്ങൾക്കായി പോരാടി. 1995 മുതൽ ബറൂൾ ഗ്രാമത്തിൽ ജൈവ കൃഷിയുടെയും ജലസംരക്ഷണത്തിന്റെയും പാഠങ്ങൾ പകർന്നു നൽകി.

## ▪ : ദൈവദശകം

▪

ശ്രീ നാരായണ ഗുരു

1. ഇതൊരു വിശ്വ പ്രാർത്ഥനയാണ്
2. ജാതിമതങ്ങൾക്കതീതമായ ഈശ്വര സങ്കല്പം

www.rrvgirls.com

Scanned with CamScanner

3 മനുഷ്യനിർമ്മിതമായ വേർതിരിവുകൾക്കും നിയമങ്ങൾക്കും അതീതമാണ് ഈശ്വരൻ
4 ലോക ജീവിതമാകുന്ന സാഗരം കടക്കുന്നതിനുള്ള തോണിയാണ് ഈശ്വര ചിന്ത
5. ഞങ്ങളെ രക്ഷിക്കുക എന്ന പ്രാർത്ഥനയിൽ സ്വാർത്ഥ ചിന്തയില്ല. ഞങ്ങൾ എന്നതിൽ ഈ ലോകവും അതിലെ മുഴുവൻ ചരാചരങ്ങളും ഉൾപ്പെടും

ദൈവദശകം

- മുഴുവൻ ലോകജനതയ്ക്കും ഒരുമിച്ചു നിന്ന് അഭയം തേടാവുന്ന ഒരു ദൈവമാണ് ഇവിടെയുള്ളത്. നാമരൂപത്തിലൂടെ ഒരു പ്രത്യേക പേര് പറയാതെ എല്ലാവർക്കും സ്വീകാര്യമായ_'ദൈവമേ' എന്നു മാത്രമാണ് ഗുരു സംബോധന ചെയ്യുന്നത്. എല്ലാവരുടെയും ദൈവം ഒന്നാണെന്ന സൂചന ഇവിടെ തെളിഞ്ഞു കാണാം. ഇത് ഒരു വിശ്വപ്രാർത്ഥനയാണ്.
- 'ഭവാബ്ധി' യെന്നത് നമ്മുടെ ഭൗതികജീവിതം തന്നെയാണ്. ഇത് കടക്കാനുള്ള ആവിക്കപ്പലിന്റെ കപ്പിത്താനായിവന്ന് തങ്ങളെ കാത്തുകൊള്ളണമേ എന്നാണ് പറയുന്നത്.
- ഭൗതിക ജീവിതത്തിന്റെ നിരവധി പ്രശ്നങ്ങൾ കാരണം ഇളകിമറിയുന്ന ഒരു കടലിലകപ്പെട്ട പോലെയാണ് നാം.
- ദൈവപാദങ്ങളെ ശരണം പ്രാപിക്കുന്നത് യഥാർഥത്തിൽ നമുക്ക് അറിവ് ഉണ്ടാകാൻ വേണ്ടിയാണ്.

"അന്നവസ്ത്രാദിമുട്ടാതെ തന്നു രക്ഷിച്ചു" ഈ ശ്ളോകത്തിന്റെ വ്യാഖ്യാനം

- ദൈനംദിന ജീവിതത്തിൽ ഏറ്റവും പ്രധാനമായ അന്നം, വസ്ത്രം,മുതലായവ തന്ന് ഞങ്ങളെ രക്ഷിക്കണം.
- എന്നെ രക്ഷിക്കണമെന്നല്ല പറയുന്നത്. 'ഞങ്ങളെ' രക്ഷിക്കണമെന്നാണ് പ്രാർഥിക്കുന്നത്. പ്രാർഥന തനിക്കുവേണ്ടിയല്ല, എല്ലാവർക്കും വേണ്ടിയെന്ന സങ്കല്പമാണ് ഗുരുവിനുള്ളത്.
- വിശപ്പുമാറ്റുക മാത്രമല്ല, ധന്യരാക്കുന്നുമുണ്ട് ദൈവം. ധന്യതയാണ് ജീവിതത്തെ സുഖകരമാക്കിതീർക്കുന്നത്. മനുഷ്യനിർമ്മിത നിയമങ്ങൾക്ക് അനുസൃതമായ ജീവിതമല്ല അത്. പ്രാപഞ്ചികമായ നിയമങ്ങൾക്ക് അനുസരിച്ചുള്ള ജീവിതമാണ് ധന്യമായ ജീവിതം. അവിടെ മനുഷ്യനിർമ്മിതമായ ജാതിവ്യവസ്ഥയോ അധികാരവ്യവസ്ഥയോ ഒന്നും കടന്നുവരില്ല. അത്തരമൊരു ജീവിതം നൽകി അനുഗ്രഹിക്കണമേ എന്നാണ് ദൈവത്തോട് പ്രാർഥിക്കുന്നത്.
- 

Scanned with CamScanner

## ➢ പ്രകാശം ജലം പോലെയാണ്

ഗബ്രിയേൽ ഗാർസിയ മാർക്വെസ്

1.വിവർത്തനം കൊണ്ടുണ്ടാകുന്ന നേട്ടങ്ങൾ

2. എന്താണ് മാജിക്കൽ റിയലിസം? ഇതിന്റെ സ്വാധീനം കഥയിൽ എവിടെയെല്ലാം പ്രകടമാകുന്നു?

3. പ്രവാസ ജീവിതത്തിന്റെ പ്രശ്നങ്ങൾ

4 കുട്ടികൾ തങ്ങൾക്ക് നഷ്ടപ്പെട്ട ഗ്രാമീണ നന്മകളെ ഭാവനയിലൂടെ തിരിച്ചു പിടിക്കാൻ ശ്രമിക്കുന്നു.

### പ്രകാശം ജലം പോലെയാണ്

കടലും കപ്പലും വള്ളങ്ങളും ധാരാളമുള്ള തുറമുഖ നഗരമാണ് കാട്ജിനെ. ഈ കഥയിലെ പ്രധാന കഥാപാത്രങ്ങളായ ടോട്ടോ, ജോവൽ എന്നീ കുട്ടികൾ കുട്ടിക്കാലം ചെലവഴിച്ചതിവിടെയാണ്. വള്ളംവയ്ക്കാൻ ഷെഡും ബോട്ടടുപ്പിക്കാൻ സ്ഥലവും വിശാലമായ മുറ്റവുമുള്ള കാട്ജിനെയിലെ വീട്ടിൽ നിന്ന് അവർ പറിച്ചു മാറ്റപ്പെടുന്നിടത്തു നിന്നാണ് മാർക്വെസിന്റെ 'പ്രകാശം ജലം പോലെയാണ്' എന്ന കഥ ആരംഭിക്കുന്നത്. ഇപ്പോളവർ യൂറോപ്യൻ പരിഷ്കൃത .നഗരമായ മാഡ്രിഡിലാണ് വന്നകപ്പെട്ടിട്ടുള്ളത്. ഒരു വലിയ ഫ്ളാറ്റ് സമുച്ചയത്തിലെ അഞ്ചാം നിലയിലെ അപ്പാർട്ടുമെന്റിൽ അച്ഛനമ്മമാർക്കൊപ്പം കഴിയുന്നു. കടൽമുറ്റത്തിന്റെ വിശാലവിസ്തൃതിയിൽ നിന്നും ചലനാത്മകതയിൽ നിന്നും ഫ്ളാറ്റിന്റെ കൃത്യചതുരത്തിലേക്കും നിശ്ചലതയിലേക്കും കുട്ടികൾ എത്തിച്ചേർന്നിരിക്കുന്നു. ഈയൊരു പ്രവാസത്തിന്റെ സംത്രാസത്തെയാണ് മാർക്വെസ് കഥയിൽ അടയാളപ്പെടുത്താൻ ശ്രമിക്കുന്നത്.

കുട്ടികളിൽ കളങ്കത്തിന്റെ അംശം കുറയും. ഇതിനു കാരണം മനുഷ്യനിർമ്മിതമായ കപടപജീവിതത്തിൽ അവർക്കേറെ നേരം തുഴയേണ്ടതായി വന്നിട്ടില്ല എന്നതാണ്. അതിനാൽ ഫ്ളാറ്റിലെത്തിയപാടേ അവർ മാതാപിതാക്കളോട് ആവശ്യപ്പെടുന്നത് ഒരു തുഴവള്ളമാണ്. ഫ്ളാറ്റിനകത്ത് അകപ്പെട്ടപ്പോഴും തങ്ങളുടെ ജൈവചോദനകൾ കൈവിടാൻ കുട്ടികൾ തയ്യാറാവുന്നില്ല. ഫ്ളാറ്റിൽ വള്ളം തുഴയാൻ ഷവറിൽ നിന്നു വരുന്ന വെള്ളമല്ലേയുള്ളൂ എന്ന് അമ്മ മറുപടി പറയുന്നു. എലിമെന്ററി സ്കൂളിൽ മികവ് പുലർത്തി സമ്മാനം വാങ്ങിയാൽ തുഴവള്ളം വാങ്ങിത്തരാമെന്ന് അവസാനം മാതാപിതാക്കൾ ഒരുമിച്ച് വാഗ്ദാനം ചെയ്യുന്നു. കുട്ടികളുടെ ഉള്ളുനിറയെ തുഴവള്ളവും അവരുടെ ഭൂതകാലത്തിലെ കടൽവെള്ളവുമാണ്. ഇത് തിരിച്ചു പിടിക്കേണ്ടതുള്ളതിനാൽ അവർ നന്നായി പഠിച്ച് സമ്മാനം .വാങ്ങിക്കുന്നു. ജീവിത പ്രാരാബ്ധത്തിനിടയിലും പിതാവ് അവർക്ക് തുഴവള്ളം വാങ്ങികൊടുക്കുന്നു. കുട്ടികളുമട അഭിരുചികളെയും ആഗ്രഹങ്ങളെയും തിരിച്ചറിഞ്ഞ് അവരിൽ ആന്തരികമായ അഭിപ്രേരണ ഉണർത്തി പഠനത്തോട് ശരിയായി പ്രതികരി

www.rrvgirls.com

ക്കാനും താൽപര്യമുണർത്താനും മാതാപിതാക്കൾക്ക് നന്നായി ഇടപെടാനാകുമെന്ന ആന്തരിക പാഠം കൂടി ഈ കഥാസന്ദർഭം നൽകുന്നു. കഥാഖ്യാനത്തിൽ മാജിക്കൽ റിയലിസമെന്ന രചനാസങ്കേതത്തെ പ്രയോജനപ്പെടുത്താൻ മാർക്വെസ് തുനിയുന്നു.

പ്രകാശമുള്ളൊരു വിളക്ക് കുട്ടികൾ പൊട്ടിക്കുകയാണ്. സ്വർണപ്രകാശം മുറിയാകെ ഒഴുകുന്നതായി മാർക്വെസ് പറയുന്നു. പ്രകാശജലത്തിൽ കുട്ടികൾ വള്ളം തുഴയുന്നതായി ചിത്രീകരിക്കുന്നു. തങ്ങൾക്ക് നഷ്ടപ്പെട്ടുപോയ പ്രകൃതിയെ വീണ്ടെടുക്കുകയാണിവിടെ കുട്ടികൾ. ഈ യാഥാർഥ്യത്തെ മാന്ത്രികമായി ആവിഷ്കരിക്കാൻ കൊണ്ടുവന്ന കല്പനയാണ് പ്രകാശജലമെന്നത്. ഇവിടെയും തീരുന്നില്ല കഥയിലെ മാന്ത്രികതയുടെ പ്രവാഹം, കടലിൽ മുങ്ങുന്നതുപോലെ പ്രകാശജലത്തിൽ മുങ്ങാൻ കുട്ടികൾ തീരുമാനിക്കുന്നു. ഒന്നാം സെമസ്റ്ററിൽ ഏറ്റവും നല്ല വിദ്യാർഥികൾക്കുള്ള സമ്മാനം വാങ്ങിവന്ന അവരെ കാത്തിരുന്നത് മുങ്ങൽ സാമഗ്രികളടങ്ങിയ പെട്ടികളാണ്. ഇവിടെയും മാതാപിതാക്കളുടെ പഠനപ്രോത്സാഹന രീതി പ്രകടമാണ്. വർഷങ്ങളായി ഇരുട്ടിലായിരുന്ന പലതും പ്രകാശത്തിന്റെ അടിത്തട്ടിൽ നിന്ന് കുട്ടികൾ കണ്ടെടുത്തു. തികച്ചും സ്വാഭാവികമായ ജീവിതസാഹചര്യങ്ങളിൽ മാത്രമേ ഒരു വ്യക്തിയുടെ ഭാവനയും സർഗാത്മകചിന്തയും ഉണരുകയുള്ളൂ. പ്രകാശജലം കൊണ്ട് ഫ്ളാറ്റിനുള്ളിൽ അവർ സൃഷ്ടിച്ച കടൽ ഒരർഥത്തിൽ അവരുടെ ജൈവപ്രകൃതി തിരിച്ചുപിടിക്കലാണ്. നഷ്ടപ്പെട്ട പലതിനെയും ഓർത്തെടുക്കാനും കണ്ടെടുക്കാനും അവർക്ക് കഴിയുന്നത് ഇതിനാലാണ്. വർഷങ്ങളായി ഇരുട്ടിലായിരുന്ന പലതിനെയും അവർ പ്രകാശത്തിന്റെ അടിത്തട്ടിൽനിന്ന് കണ്ടെത്തി എന്ന മാന്ത്രികകല്പനയുടെ പൊരുളിതാണ്.

വർഷാവസാനത്തിൽ കുട്ടികൾ മാതൃകാവിദ്യാർഥികളായി വാഴ്ത്തപ്പെട്ടപ്പോൾ അവർക്ക് എന്താണ് വേണ്ടതെന്ന് അച്ഛനമ്മമാർ അങ്ങോട്ട് ചോദിക്കുകയാണ് ചെയ്തത്. രക്ഷിതാക്കളുടെ പ്രോത്സാഹനപൂർണമായ സമീപനം കുട്ടികളെ വലിയ വിജയങ്ങളിലെത്തിക്കുമെന്നതിന്റെ സൂചനയാണിത്. സഹപാഠികൾക്ക് വീട്ടിൽവച്ച് ഒരു പാർട്ടി കൊടുക്കണമെന്നാണ് കുട്ടികൾ ആവശ്യപ്പെട്ടത്. സഹപാഠികളെത്തുകയും വീട്ടിലെ എല്ലാ വിളക്കുകളും തെളിയിച്ച് പ്രകാശജലം ഒഴുക്കിവിടുകയും ചെയ്ത കാഴ്ചയാണ് കഥാന്ത്യത്തിൽ കാണുന്നത്. വെളിയിലൂടെ നടന്നുപോയ ആൾക്കാർ ഒരു വിസ്മയകാഴ്ച കണ്ടു. പ്രകാശജലം ഒരു പെരുമഴപോലെ പെയ്തിറങ്ങി തെരുവാകെ ഒഴുകുന്ന കാഴ്ചയായിരുന്നു അത്. വീട്ടിനുള്ളിലെ സോഫയും പിയാനോയും ടെലിവിഷൻ സെറ്റും വർണ മത്സ്യങ്ങളുമെല്ലാം ഒഴുകുന്ന ഉഗ്രപ്രകാശത്തിന്റെ പ്രളയത്തിൽ ജീവനോടെ അവശേഷിച്ചത് മത്സ്യങ്ങൾ മാത്രമാണ്. മത്സ്യത്തിന്റെ ജൈവമായ ഇടമാണല്ലോ ജലം. കുട്ടികളെല്ലാം മുങ്ങിമറഞ്ഞു കഴിഞ്ഞു. ടോട്ടോ വള്ളത്തിൽ വിളക്കു മാടം തേടിപ്പോകുന്നതായും വള്ളത്തിന്റെ അമരത്തിരുന്ന ജോവൽ പടിഞ്ഞാറൻ നക്ഷത്രം തേടിപ്പോകുന്നതായും കാണുന്നു.

Scanned with CamScanner

- കുട്ടികളുടെ യഥാർഥ അഭിരുചി രക്ഷിതാക്കൾ തിരിച്ചറിയേണ്ടതുണ്ട്. സാധ്യതകളും പരിമിതികളും ബോധ്യപ്പെടുത്തണം.
- ഉചിത സന്ദർഭങ്ങളിൽ ഇടപ്പെട്ട് ആന്തരിക അഭിപ്രേരണകൾ രൂപപ്പെടുത്തി കുട്ടികളെ പ്രോത്സാഹിപ്പിക്കണം.

- കുട്ടികളുടെ ഭാവി രൂപപ്പെടുത്തുന്നതിൽ രക്ഷിതാക്കൾ സ്വന്തം ആഗ്രഹങ്ങൾ അടിച്ചേൽപ്പിക്കാതിരിക്കുക.
- മത്സരാധിഷ്ഠിതവും ലാഭധിഷ്ഠ വുമായ ലോകത്തിൽ മൂല്യബോധത്തോടെ വളരാൻ പ്രേരിപ്പിക്കുന്നു.

മാജിക്കൽ റിയലിസത്തിന്റെ ഉദ്ഘോഷകനാണ് മാർക്വെസ്. ലാറ്റിനമേരിക്കൻ സാഹിത്യത്തിലെ വിശേഷതയായി കൊണ്ടാടപ്പെടുന്ന ഈ പ്രസ്ഥാനത്തിന്റെ ഉദ്ഭവവും വികാസവും പരിഗണനാർഹങ്ങളാണെന്നു വിചാരിക്കുന്നു. ഫാന്റസിയുടെയും മാന്ത്രികതയുടെയും അദ്ഭുതത്തിന്റെയും അന്തരീക്ഷത്തിൽ ഗൗരവപൂർണങ്ങളായ വിഷയങ്ങളെ നിവേശനം ചെയ്യുക. അതിനു കർമോക്സുകത്വം കൊണ്ട് നിറമേറ്റുക. ഇതാണ് മാജിക്കൽ റിയലിസം. ഇതു ലാറ്റിനമേരിക്കൻ സാഹിത്യത്തിൽ മാത്രമേ ദൃശ്യമാകുന്നുള്ളൂ. സാങ്കൽപ്പികവും അല്ലാത്തതും തമ്മിലുള്ള വ്യത്യാസം ഇവിടെ നേർത്തു നേർത്ത് ഇല്ലാതാവുന്നു. വായനക്കാരൻ രണ്ടും ഒന്നാണെന്നു കരുതി സത്യത്തിലേക്കല്ല, അതിസത്യത്തിലേക്ക്, മഹാസത്യത്തിലേക്കു പ്രവേശിക്കുന്നു.

എം.കൃഷ്ണൻനായർ(മാജിക്കൽ റിയലിസം)

<u>മാജിക്കൽ റിയലിസം പ്രത്യക്ഷപ്പെടുന്ന കഥാസന്ദർഭങ്ങൾ</u>

- പ്രകാശജലത്തിൽ വള്ളം തുഴയുന്നത്.
- പ്രകാശജലത്തിൽ മുങ്ങിത്തപ്പുന്നത്.
- മാഡ്രിഡ് നഗരമാകെ പ്രകാശജലം കൊണ്ട് നിറയുന്നത്.
-
- : സാൽവദോർ ദാലിയുടെ The Persistence of memory എന്ന ചിത്രം

1. സർറിയലിസം

www.rrvgirls.com

Scanned with CamScanner

2 .വസ്തുവിന്റെ രൂപത്തിലുള്ള പൊളിച്ചെഴുത്ത് (ഉരുകിയൊലിക്കുന്ന വാച്ചുകൾ)
3. യാഥാർത്ഥ്യബോധമില്ലായ്മ
4. യുക്തിഭദ്രതയില്ലാത്ത സ്വപ്നത്തിന് പ്രാധാന്യം
5. കാലത്തിന്റെ അനിശ്ചിതത്വം (നിശ്ചലമായ വാച്ചുകൾ)

- കാക്കാര ശ്ശി നാടകം

സമൂഹത്തിലെ തിന്മകൾക്കെതിരെയുള്ള വിമർശനം കാക്കാര ശ്ശി നാടകത്തിലുണ്ട്
1. സംഗീതം, നൃത്തം, സംഭാഷണം എന്നിവ ചേർന്ന വിനോദ നാടകം
2 മൃദംഗം, ഗഞ്ചിറ ,ഹാർമോണിയം, ഇലത്താളം എന്നിവയാണ് പ്രധാന വാദ്യോപകരണങ്ങൾ

സാൽവദോർ ദാലി(1904–1989)

ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും പ്രമുഖ ചിത്രകാരൻമാരിലൊരാളാണ് സാൽവദോർ ദാലി. 1904 മെയ് പതിനൊന്നിന് ഫിഗുറാസിൽ ജനിച്ചു. ആറാം വയസ്സിൽ (1910 ൽ) ആദ്യത്തെ പെയിന്റിങ് ചെയ്തുകൊണ്ട് ദാലി തനിക്ക് ചിത്രകലയിലുള്ള താൽപ്പര്യം പ്രകടിപ്പിച്ചു. 1912 ൽ സാൽവദോർ ദാലിയെ മാഡ്രിഡ് ഫൈൻ ആർട്സ് സ്കൂളിൽ ചേർത്തു. ഇതിനകം തന്നെ ദാലി അനേകം പെയിന്റിങ്ങുകൾ ചെയ്യുകയും രണ്ടു പുരസ്കാരങ്ങൾ നെടുകയുമുണ്ടായി. 1921 ദാലി തന്റെ വിചിത്രമായ പെരുമാറ്റവും ഭ്രാന്തിനെ ന്യായീകരിക്കുന്ന സിദ്ധാന്തങ്ങളുമായി ആസ്വാദകസമൂഹത്തിന്റെ ശ്രദ്ധയാകർഷിച്ചു. നിഷ്കളങ്കരൂപങ്ങളുടെ പിറകിൽ ഒളിച്ചിരിക്കുന്നത് ഭ്രാന്തൻ സിദ്ധാന്തങ്ങൾ ആണെന്നായിരുന്നു ദാലിയുടെ കണ്ടെത്തൽ. പരനോയിയാക് ക്രിട്ടിക്കൽ മെത്തേഡ് എന്ന രചനാസങ്കേതമുപയോഗിച്ചാണ് ദാലി തന്റെ ഏറ്റവും വിജയം വരിച്ച ചിത്രങ്ങളെഴുതിയത്. 'ഫ്രോയിഡിന്റെ സ്വപ്നങ്ങ'(Interpretation of dreams)ളെക്കുറിച്ചുള്ള വ്യാഖ്യാനം ദാലിയുടെ സർറിയലിസ്റ്റ് രചനകളെ സ്വാധീനിച്ച കൃതിയാണ്. വന്യമായ സ്വപ്നങ്ങൾക്ക് ജീവിതത്തിൽ വലിയ പ്രസക്തിയും സ്വാധീനവുമുണ്ടെന്ന്ദാലി രചനകളിലൂടെ തെളിയിച്ചു. സർറിയലിസത്തിന്റെ ആചാര്യസ്ഥാനത്താണ് ദാലിയുടെ സ്ഥാനമെങ്കിലും 1938 ൽ അദ്ദേഹം ക്ളാസിസത്തിലേക്ക് തിരിഞ്ഞു. ദാലിയുടെ ചിത്രങ്ങൾ പോലെത്തന്നെ വാഗ്‌ധാടിയുള്ളവയായിരുന്നു അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളും. 1984 ൽ കിടപ്പുമുറിയിലുണ്ടായ തീപിടിത്തത്തിൽ സാരമായി പൊള്ളലേറ്റ ദാലി പിന്നീട് ഒറ്റപ്പെട്ട ജീവിതമാണ് നയിച്ചത്. 1989 ജനുവരി 23 ന് ഹൃദയഘാതത്താൽ ദാലി എന്ന വിഭ്രമാത്കചിത്രകാരന്റെ ജീവിതത്തിന് തിരശ്ശീല വീണു.

Scanned with CamScanner

## സർറിയലിസം

മുൻധാരണയെയും യുക്തിയെയും ഉപേക്ഷിച്ചുകൊണ്ട് ഉപബോധതലത്തെ ചിത്രീകരിക്കാനുദ്ദേശിച്ചുള്ള കലാപ്രസ്ഥാനം. പ്രതീകങ്ങളിലൂടെ ഉപബോധമനസ്സിന്റെ വ്യാപാരങ്ങളെ അവതരിപ്പിക്കുന്നു. പരസ്പരവിരുദ്ധങ്ങളായ പ്രതീകങ്ങളെ കൂട്ടിച്ചേർക്കുമ്പോൾ സാമാന്യ ബുദ്ധി അടിസ്ഥാനമാക്കിയുള്ള അർഥങ്ങൾക്ക് വ്യതിയാനം സംഭവിക്കുന്നു.

ആർ.രവിന്ദ്രനാഥ്

(ചിത്രകല ഒരു സമഗ്രപഠനം)

# കിരാത വൃത്തം

## കടമ്മനിട്ട രാമകൃഷ്ണൻ

1 പരിസ്ഥിതിക്കവിത
2 അടിച്ചമർത്തപ്പെട്ടവന്റെ രോഷം
3 ദൃശ്യ ബിംബങ്ങളുടെ ധാരാളിത്തം
4 പടയണിയുടെ സ്വാധീനം
5. അതിജീവനത്തിന്റെ പ്രതീക്ഷ

## കിരാതവൃത്തം

ആധുനിക മലയാളകവികളിൽ മൗലികമായൊരു സൗന്ദര്യസങ്കല്പം

സൃഷ്ടിച്ച കവിയാണ് കടമ്മനിട്ട രാമകൃഷ്ണൻ. കേരളത്തിലെ തനത് രംഗകലാപാരമ്പര്യവും വാമൊഴിവഴക്കത്തിന്റെ രീതിഭേദങ്ങളും സൂക്ഷ്മമായി സ്വാംശീകരിക്കാൻ കടമനിട്ടയുടെ കവിതകൾക്ക് കഴിഞ്ഞിട്ടുണ്ട്. പടയണി ആശാനായ കടമ്മനിട്ട രാമൻനായരുടെ മകനാണ് കവി. പടയണി എന്ന മധ്യതിരുവിതാംകൂറിലെ അനുഷ്ഠാന കലാരൂപം അഭ്യസിക്കാതെ അതിന്റെ നാടോടിസംസ്കാരശീലങ്ങളിൽ അഭിരമിക്കുകയാണ് കടമ്മനിട്ട ചെയ്തത്. പിന്നീട് കെ.സി.എസ്. പണിക്കരും പത്മിനിയുമടക്കമുള്ള ചിത്രകാരൻമാരായ കലാപ്രതിഭകളുമായുള്ള സമ്പർക്കം, എം.ഗോവിന്ദനും അയ്യപ്പപ്പണിക്കൻമരുമടക്കം ആധുനിക സാഹിത്യകാരൻമാരുമായുള്ള സംവാദങ്ങൾ എന്നിവ കടമ്മനിട്ടയുടെ കാവ്യപ്രതിഭയ്ക്ക് കരുത്തേകി. മലയാളത്തിന്റെ മലയോരവഴക്കമാർന്നൊരു കാവ്യഭാവനയും കാവ്യഭാഷയും ഈ കവിയിലൂടെ സാക്ഷാൽകരിക്ക

"EXPLORE THE LEGACY TO EXCEL"
www.rrvgirls.com
Scanned with CamScanner

പ്പെട്ടു. പുതുകാലധർമ്മസങ്കടങ്ങൾക്കുള്ള അഭയരൂപം എന്ന നിലയിൽ അമ്മദൈവസങ്കൽപം ആവിഷ്കരിച്ചത് കടമ്മനിട്ടക്കവിതയെ വ്യതിരിക്തമാക്കി. മലയും കാടും കവിതയിലെ പ്രകൃതി ഇടങ്ങളാവുകയും അവയുടെ നഷ്ടം കവിതയുടെ ഭാവപരിസരങ്ങളാവുകയും ചെയ്തു. അച്ചടിയോടെ, പ്രാധാന്യം നഷ്ടമായ ചൊല്ലൽ പാരമ്പര്യം തിരിച്ചുപിടിക്കുന്നതിൽ കടമ്മനിട്ട നടത്തിയ കവിയരങ്ങുകൾക്കും ചൊൽകാഴ്ചകൾക്കും പങ്കുണ്ട്. പാരമ്പര്യത്തിൽ നിന്ന് അമ്മദൈവത്തെയും താളത്തെയും തോറ്റിയെടുത്ത , നവകാലത്തിന്റെ ദുരന്തസ്ഥലികളിൽ കിടന്ന് പ്രതിഷേധാത്മകമായി നീറിയ കാവ്യപ്രപഞ്ചമാണ് കടമ്മനിട്ടയുടേത്.

പ്രകൃതിയിൽ മനുഷ്യജീവിതം ആരോപിച്ചുകൊണ്ട് 'കിരാതവൃത്തം' ചടുലമാവുന്നു. ജഡമായിപ്പോകുന്ന മലയും ആകാശവും കണ്ട് കലങ്ങുകയും നടുങ്ങുകയുമാണ് കാട്ടാളൻ. മലയോരത്തഴക്കമുള്ള തന്റെ മാതാവും ആകാശവിസ്തൃതിയുള്ള പൈതൃകവും ശ്മശാനസമാനമാകുന്നു. ഭൂമിയുടെ മുലകളാണ് മലകൾ. വംശപരമ്പരയുടെ വേരാണല്ലോ മുലകൾ. മുലപാതിമുറിഞ്ഞ പ്രകൃതിയുടെ കനൽവിളി ചാട്ടുളിയായി കാട്ടാളന്റെ നെഞ്ചിൽ ആഞ്ഞു തറയ്ക്കുന്നു. രോഷത്തിന്റെ പന്തത്തോടൊപ്പം സങ്കടത്തിന്റെ കനൽനീറ്റലുകളും കാട്ടാളനെ പ്രകോപിപ്പിക്കുന്നു. ഇവിടെ കടമനിട്ട കാട്ടാളനെ രണ്ട് ഉപമാനങ്ങളിലേക്ക് വികസിപ്പിക്കുന്നുണ്ട്. 'കണയേറ്റ കരിമ്പുലി' എന്നത് ദൈന്യത്തിന്റെയും 'ഉരുൾപൊട്ടിയ മാമല' എന്നത് പതനത്തിന്റെയും സൂചനകളാവുന്നു. കീഴടക്കുന്ന ദൈന്യത്തെയും പതനത്തെയും രൗദ്രഭാവം കൊണ്ട് അതിജീവിക്കുകയാണ് കാട്ടാളൻ. ലോകമാസകലം ഉലയ്ക്കുന്ന ഒരലർച്ചയായി കാട്ടാളൻ മാറുന്നു. പ്രളയത്തിലൂടെ കരയിലെ മാമരങ്ങൾ കടപുഴക്കിയെറിയാനുള്ള ശേഷി കാടിനുണ്ട്. അലറാനുള്ള ശേഷി കടലിനുണ്ട്. ഇവിടെ കാട്ടാളൻ കടലിനു മീതേ അലറുകയും കടലിന്റെ വേര് പറിച്ചെടുക്കാൻ കുതറുകയും ചെയ്യുന്നു. നഷ്ടപ്പെട്ട ജൈവസന്തുലിതത്വത്തെ സംഹാരാത്മകമായി തിരിച്ചു പിടിക്കുന്ന, ശുദ്ധീകരണത്തിന്റെ ധാതുബലമുള്ള , പടയണിയിലെ ഭൈരവിക്കോലത്തെ അനുസ്മരിപ്പിക്കുന്ന ഉദ്ധൃതവീര്യമുള്ള കാട്ടാളനെയാണ് ഇവിടെ പ്രകടമാക്കുന്നത്.

അസാധാരണമായ കരുത്തിലേക്കു പ്രവേശിച്ച കാട്ടാളൻ പൊടുന്നനെ മറ്റൊരു ഭാവത്തിലേക്കു പതിക്കുന്നു. മഴനീരിന്റെ ഉർവരതയ്ക്കായി കാത്തിരിക്കുന്ന വേഴാമ്പലിന്റെ ദൈന്യമായിത്തീരുന്നു അയാൾ. "സ്നേഹത്തിന് ദാഹിക്കുന്ന ആത്മപീഡനചിഹ്നമാണ് കാട്ടാളനെന്ന്" "സച്ചിദാനന്ദൻ നിരീക്ഷിക്കുന്നുണ്ട്. പച്ചപ്പുകളെല്ലാം കരിഞ്ഞുപോയ മണ്ണിലിരുന്ന് കാട്ടാളൻ ആകാശത്തെ നിരീക്ഷിക്കുന്നു. ആകാശം വിഷം കലർന്ന കടലായി അനുഭവപ്പെടുന്നു. മരണമടഞ്ഞ കരിമേഘങ്ങൾക്ക് മഴനീര് കൊണ്ടുവരാനാവില്ലെന്ന തിരിച്ചറിവിൽ എത്തുന്നു. കരിമരണം കാവൽക്കാരാവുന്ന 'കടുനോവിൻ കോട്ടയിലിരുന്ന്' ഭൂതകാലനിനവുകളിലേക്ക് ആത്മസംഘർഷത്തോടെ

Scanned with CamScanner

സഞ്ചരിക്കുന്നു. നഷ്ടപ്പെട്ട പ്രകൃതിരമണീയതകളിൽ ഹൃദയം ചെന്ന് തൊടുന്ന തുളസിക്കാടുകളും പച്ചപയ്യും മുത്തങ്ങപ്പുല്ലുകളുമെല്ലാം ഒഴിഞ്ഞുപോയ വ്യഥ.

നാട്ടാളന്റെ എതിർധ്രുവമാണ് കാട്ടാളൻ. കാടാകെ ആളിനിൽക്കുന്നവനാണ് അവൻ. കിരാതവൃത്തം എന്ന കവിത പെറ്റുകിടക്കുന്ന ഒരു പുലിയിൽ നിന്നാണ് ആരംഭിക്കുന്നത്. വാത്സല്യത്തിന്റെയും സംരക്ഷത്തിന്റെയും വന്യമായ മാതൃബിംബമാണത്. കാട്ടാളന്റെ കണ്ണിൽ ഈറ്റപ്പുലിയുണ്ട്. കുഞ്ഞിന്റെ സംരക്ഷണബാധ്യതയുള്ളതിനാൽ രൗദ്രഭാവമണിയുന്ന ഈറ്റപ്പുലിയാണത്. കാട്ടാളന്റെ വളഞ്ഞ പുരികത്തിൽ കരിമൂർഖനുണ്ട്. സർപ്പരോഷത്തോടെ പ്രതികാരദംശനത്തിന് വെമ്പുന്ന കാട്ടാളന്റെ ഭാവമാണ് ഈ വരികളിൽ അവതരിപ്പിക്കുന്നത്. തരിശാക്കപ്പെട്ട തന്റെ ആവാസവ്യവസ്ഥയിൽ നെഞ്ചുനീറിനിൽക്കുന്ന കാട്ടാളന് ഉള്ളിൽ അടങ്ങാത്ത പകയുണ്ട്. ചുട്ടുചാമ്പലാക്കപ്പെടുന്ന വനത്തിന്റെ നടുവിൽ നിരാധാരനായി നെഞ്ചത്ത് രോഷത്തിന്റെ പന്തവും കുത്തി നിൽകുന്നത് അതുകൊണ്ടാണ്. കടമ്മനിട്ടക്കാവിലെ പടയണി അനുഷ്ഠാനത്തിന്റെ പശ്ചാത്തലത്തിൽ മാത്രമേ ഈ പ്രതിഭാസം മനസ്സിലാക്കാനാവൂ. പടയണിയുടെ കോലംതുള്ളലിൽ എല്ലാ കോലങ്ങൾക്കും ശേഷം ഒരു ശുദ്ധീകരണത്തിനെന്ന പോലെ പ്രത്യക്ഷപ്പെടുന്ന ഭൈരവിക്കോലത്തിനുമേൽ പന്തങ്ങൾ തറച്ചുവച്ചിരിക്കും. ഇവിടെ ഭൈരവിയുടെ ആത്മാംശമാണ് കാട്ടാളൻ. 'തനി നാടൻ പ്രയോഗങ്ങളുടെ ചൂരും ചുണയും വീറും കലർന്ന നടനമുദ്രയോടെയാണ് കിരാതന്റെ പ്രവേശം. അകനെഞ്ചിൽ ശോകവും പുറനെഞ്ചിൽ പന്തവും കത്തുമ്പോൾ വൈവശ്യത്തിൽ ജ്വലിക്കുന്ന ക്രോധം' എന്ന് ജി.എൻ.പിള്ള നിരീക്ഷിക്കുന്നുണ്ട്. വീണുപോയ ഒരു ഗോത്രം പോലെയാണ് ഈ കാട്ടാളൻ. കടമ്മനിട്ടയുടെ കാവ്യഭാഷയും ഭാവത്തിനൊത്ത് ആളിക്കത്തുന്നുണ്ട്. 'നിൽപ്പൂ' എന്ന പ്രയോഗത്തിലെ 'ഉ' കാര ദീർഘം തീനാളത്തിന്റെ ആളൽ ധ്വനിപ്പിക്കുന്നു.

സൗന്ദര്യത്തിന്റെ പ്രതീകമായ സന്ധ്യകൾ ഇല്ലായതിന്റെ ഉൽക്കണ്ഠ നമുക്കിവിടെ ദർശിക്കാം. കിരാതവൃത്തത്തിൽ പ്രത്യക്ഷപ്പെടുന്ന ഏറ്റവും സൗന്ദര്യാത്മകമായ ദൃശ്യബിംബമാണ് "കറുകപ്പുൽത്തുമ്പത്തമ്പിളി കളമെഴുതിപ്പാടിയ രാവുകൾ" എന്നത്. നിലാവിന്റെ കളമെഴുത്തുപാട്ടിന് ഒരു പുൽത്തുമ്പ് വേദിയാവുകയാണ്. പ്രകൃതിയെയും അനുഷ്ഠാനത്തെയും സർഗലയസമ്മേഹനത്തിലെത്തിക്കുന്നു കടമ്മനിട്ട. ചോലമരത്തിൻ ചുവട്ടിലെ കാടത്തികളുടെ നൃത്തവും താളമിട്ടാസ്വദിക്കുന്ന താനും ഓർമ്മയിൽ കടന്നു വരുന്നു. നഷ്ടപരിസരങ്ങളുടെ യാഥാർഥ്യത്തിലേക്ക് തിരിച്ചറിവോടെ ഉണരുകയാണ് കാട്ടാള നിനവുകൾ ; ചടുലതയോടെയുള്ള ഗോത്രനടനം പ്രകൃതി ബിംബങ്ങളുടെ അകമ്പടിയോടെ സാക്ഷാത്കരിക്കുന്നു. ചിലങ്കകൾ കെട്ടി, കാട്ടാറിൻ തരിവളകളണിഞ്ഞ് ഇരുണ്ടതും ദൃഢവുമായ കരിവീട്ടിപോലുള്ള ശരീരങ്ങളുടെ ഇളക്കവും മുടിയുടെ ചിതറലും കൊണ്ട് നൃത്തം ചടുലമാവുന്നു. നഷ്ടപ്പെട്ടു പോയ നല്ല നാളുകളെയും തേൻകുടുകൾ തേടിപ്പോയി കൺവെട്ടത്തു നിന്നുമറഞ്ഞ ആൺകുഞ്ഞുങ്ങളെയും പൂക്കൂട നിറയ്ക്കാൻ പോയി കാണാതായ പെൺകുട്ടികളെയും ആകു

www.rrvgirls.com
Scanner

ലതയോടെ ഓർത്ത് ഓർമ്മയുടെ ലഹരിയിൽ നിന്ന് ഞെട്ടിയകലുന്നു. അമ്മിഞ്ഞ ചുണ്ടിലൊട്ടിയ ആമ്പൽപ്പൂമൊട്ടുപോലുള്ള കുരുന്നുകളെവിടെ? അവരുടെ ഇളം തളിരെല്ലുകൾ കരിയുന്ന മണമാണോ നാഡികളിൽ തറയുന്നത്? പൂക്കൾ കരിഞ്ഞ ഇരുളാണ്ട ഇടങ്ങളിൽ നിന്ന് തിക്തയാഥാർത്ഥ്യങ്ങളുടെ സമകാല ഉൾവേവുകളിലെത്തിയ കാട്ടാളൻ നെഞ്ചത്ത് കൈവെച്ച് ചോദിക്കുന്ന ദൃശ്യമാണിത്.

'കിരാതവൃത്തം' ആരംഭിച്ചത് നോമ്പുനോറ്റ് കിടന്ന ഈറ്റപ്പുലിയിൽ നിന്നാണ്. തുർന്ന് നഷ്ടവസന്തസ്ഥകളിലുടെയുള്ള ആകുലപ്രയാണത്തിലായി കവിത. കവിതാന്ത്യത്തിൽ ഭാവവിച്ഛേമെന്നൊണം ഈറനണിഞ്ഞ ഈറ്റപ്പുലിയുടെ കണ്ണ് അതിതീക്ഷ്ണമാകുന്നു. പ്രകടമായ രൗദ്രതയിലേക്ക് എത്തുന്നു. കണ്ണിൽ നിന്ന് ഊർന്നുവീഴുന്നത് ആഗ്നേയധാരയാണ്. "വിഷാദം കടമ്മനിട്ടക്കവിതയിൽ വിലപിച്ചൊഴുകുന്ന ഒരു കാട്ടാറല്ല. തിളച്ചുമറിയുന്ന പ്രവാഹത്തിൽ നിന്നുയരുന്ന പൊള്ളിക്കുന്ന നീരാവിയാണ്" എന്ന് എം.ലീലാവതി അഭിപ്രായപ്പെട്ടിട്ടുണ്ട്. നട്ടെല്ല് നിവർന്ന് എഴുന്നേറ്റ് നിന്ന കാട്ടാളൻ കർമ്മോത്സുകനാവുന്നു. സംഹാരാത്മമായ കരുത്തിന്റെ , പ്രതിക്രിയയുടെ രംഗപ്രവേശം ഇവിടെയുണ്ട് കോപിഷ്ഠനും പ്രതികാരദാഹിയുമായ ആദിപിതാവിന്റെ ഭാവപകർച്ചയിലാകുന്നു കാട്ടാളൻ. നവനാഗരികതയുടെ ഇരയായി മാറിയവൻ ചരിത്രത്തിൽ നിന്നും പാരമ്പര്യത്തിൽ നിന്നും സ്വാംശീകരിച്ച ഊർജത്തിൽ നിന്നുകൊണ്ട് അലറിപ്പറയുന്ന ആവാഹനസ്വഭാവമുള്ള ഒരു രംഗത്തിലാണ് കിരാതവൃത്തം അവസാനിക്കുന്നത്. ആദിദ്രാവിഡസംസ്കാരസൂചകമായ കന്മഴുകൊണ്ട് വേട്ടക്കാരുടെ കൈകൾ വെട്ടാനും മലയെ കൈയേറി മാനഭംഗപ്പെടുത്തിയവരെ സംഹരിക്കാനുമുള്ള ആഹ്വാനത്തിലേക്ക് കവിത എത്തിച്ചേരുന്നു. കാട്ടാളന്റെ ദു:ഖം രോഷമാവുകയും മനുഷ്യവംശത്തിന്റെ ഭാഗധേയങ്ങളിലേക്ക് പടരുകയും ചെയ്യുന്നു. കുലം .മുടിച്ചവരുടെ കുടൽമാലകൾ കൊണ്ട് നിറമാലയൊരുക്കുന്നു. മത്താടിമയങ്ങിയ ശക്തികൾ ഉണർന്നെഴുന്നേൽക്കുന്നു. കാട്ടാളൻ അവയ്ക്കുനേരെ വില്ലുകുലയ്ക്കുകയും ചെയ്യുന്നു. ഇവിടെ കാട്ടാളന്റെ പ്രാണഞരമ്പുകൾ ഞാൺ ആയിമായുന്നു. ഇടിമിന്നൽക്കൊടി ഒടിച്ച് അമ്പുകളാക്കുന്നു. ഈ അമ്പുകൾ അഗ്നിത്തിരയായി കാർമേഘങ്ങളിൽ ചെന്നുരയുകയും ഉർവരത വീണ്ടെടുക്കുകയും ചെയ്യുന്നു. 'പടയണിയുടെ' കർമ്മകാണ്ഡത്തിൽ ഭൈരവിയുടെ ഭൂമിക ശുദ്ധീകരണത്തിന്റേതാണ് എന്ന് കളർകോട് വാസുദേവൻ നായർ രേഖപ്പെടുത്തിയിട്ടുണ്ട്. ഭൈരവിയുടെ ആത്മാംശം പേറിയ കാട്ടാളൻ മഴയിലേക്കും വേരുകളിലേക്കും സൂര്യകിരണത്തിലേക്കും തിരിച്ചെത്തുന്നു. ഉർവരതയുടെ വസന്തകാലം തെളിയുകയും വനമൂർച്ഛയുടെ ആധിക്യത്തിൽ ദു:ഖം തകരുകയും ചെയ്യുന്നു. "നമ്മുടെ ദ്രാവിഡമായ വിദൂരപാരമ്പര്യസ്മൃതികളിൽ നിന്ന് എഴുന്നേറ്റ് വരുന്ന ഈ കിരാതൻ വെറുമൊരു കാട്ടാളനല്ല, കിരാതരൂപത്തിലുള്ള ശിവനാണ്. നഷ്ടസ്വർഗത്തെക്കുറിച്ച വിലപിക്കുന്ന ഒരു ആദിമപിതാവായി അയാൾ നൃത്തം ചെയ്യുന്നു" – എന്ന് നരേന്ദ്ര പ്രസാദ്.

Scanned with CamScanner

○ 'കിരാതവൃത്തത്തിൽ' ദൃശ്യബിംബങ്ങളാണ് ഏറെയുള്ളത്.

○ പടയണി എന്ന ദൃശ്യകലയുടെ സ്വാധീനം.

○ നഷ്ടപ്പെട്ട പ്രകൃതിയെ ആവിഷ്കരിക്കുന്നു.

ഭാഷ, താളം,ഘടന.ബിംബാവിഷ്കാരം എന്നിവയിൽ എഴുത്തച്ഛന്റെ കവിതയിൽ നിന്ന് കടമ്മനിട്ടയുടെ കവിതയിലെത്തുമ്പോൾ സംഭവിച്ച പരിണാമം

- എഴുത്തച്ഛന്റെ കവിതയുടെ ഭാവം ധ്വന്യാക്മകമായ ആത്മീയതയാണ്. കടമ്മനിട്ട കവിതയിലെ ഭാവം നടനാത്മകമായ പ്രക്ഷുബ്ധതയാണ്. ഭാവത്തിനനുസരിച്ച് ഇരുവരിലും കാവ്യഭാഷ മാറുന്നു.
- എഴുത്തച്ഛന്റെ കവിതയിൽ മാനകഭാഷയ്ക്ക് പ്രാധാന്യമുണ്ട്. കടമ്മനിട്ടക്കവിതയിൽ വാമൊഴിരൂപങ്ങൾ സുലഭമാണ്. ദ്രാവിഡസ്വത്വത്തിന്റെ തനിമയുള്ള പദങ്ങൾ കടമ്മനിട്ടയുടെ കവിതകളിലുണ്ട്.
- കിളിപ്പാട്ടുവൃത്തങ്ങളുടെ ഘടനയിൽ എഴുത്തച്ഛൻ കവിത രൂപപ്പെട്ടു. പടയണിപോലുള്ള ദൃശ്യകലാരൂപങ്ങളിലെ വായ്ത്താരിയിൽ നിന്നു ജനിച്ച പുതിയ താളക്രമങ്ങളിലേക്ക് മാറി കടമ്മനിട്ടയുടെ കവിത.
- എഴുത്തച്ഛന്റെ കവിത പരമ്പരാഗത കാവ്യസങ്കൽപ്പത്തോടിണങ്ങുന്നു. ഗോത്രസൗന്ദര്യസങ്കൽപ്പത്തോട് ചേർന്നുനിൽക്കുന്നു കടമ്മനിട്ടയുടെ കവിത.

## • <u>അവകാശങ്ങളുടെ പ്രശ്നം</u>

<u>പി. പത്മരാജൻ</u>

| സ്വത്വാന്വേഷണം

2 ഉപഭോഗ സംസ്കാരം

3. വിപണിയുടെ പ്രലോഭനങ്ങൾ

4 പൈതൃകം തേടി വ്യർത്ഥമാകുന്ന മനുഷ്യ ജന്മം

5. പാരമ്പര്യത്തിന്റെ ശൂന്യത

6 പിന്നാലെ വരുന്നവർക്ക് വളമാകുന്ന ജന്മ ദൗത്യം

### <u>അവകാശങ്ങളുടെ പ്രശ്നം</u>

ആൾക്കൂട്ടത്തിൽ ഒറ്റയായിപ്പോകുന്ന മനുഷ്യന്റെ വ്യഥകളും സ്വന്തം മുഖം എവിടെ എന്ന് തിരഞ്ഞുപോകേണ്ടി വരുന്ന വ്യക്തികളുടെ സന്ദിഗ്ധതകളും ആധുനികതയുടെ കലാവിഷ്കാരങ്ങൾക്ക് വിഷയമായിട്ടുണ്ട്. വിപണിയുടെ കാപട്യങ്ങളും നഗരവൽകരണത്തിന്റെ സങ്കീർണഘടനയും അപമാനവീകരണത്തിന്റെ തോത് വർധിപ്പിച്ചു. ഈയൊരു പശ്ചാത്തലത്തെ പ്രതിഭകൾ നേരിട്ടതിന്റെ ഫലമാണ് ആധുനികതയുടെ കലാസങ്കൽപ്പ

www.rrvgirls.com
canner

ങ്ങളും സൃഷ്ടികളും. 'അവകാശങ്ങളുടെ പ്രശ്ന' .എന്ന കഥയിൽ പി.പത്മരാജൻ അസ്തിത്വാന്വേഷണത്തിന്റെ വ്യർഥതകളും അറിവ് മുറിവായിത്തീരുന്ന വിപര്യയങ്ങളും ഒരു ചലച്ചിത്രാനുഭവം പോലെ സ്പർശനക്ഷമമാക്കുന്നുണ്ട്.

മരിച്ചവരുടെ ഛായാപടങ്ങൾ മാത്രം വിൽക്കുന്ന തെരുവിലേക്ക് നട്ടുച്ചയ്ക്ക് വിയർത്ത് കിതച്ചെത്തുന്ന ദിവാകരൻ സ്വന്തം മാതാപിതാക്കളുടെ ചിത്രമാണ് അന്വേഷിക്കുന്നത്. ദിവാകരന്റെ പകപ്പുകളെയും നിർവികരാതയോടെ സ്വീകരിക്കുന്ന കച്ചവടക്കാരൻ വിപണിയുടെ യാന്ത്രികഘടനയുടെയും നിസ്സംഗ മനോഭാവത്തിന്റേയും പ്രതിനിധിയാണ്. തെരുവിന്റെ ഇരുഭാഗത്തുമുള്ള കടകളിൽ തൂക്കിയിട്ടിരിക്കുന്ന അസംഖ്യംഛായാപടങ്ങളിൽ തിരഞ്ഞ് ഹതാശനാവുകയാണ് ദിവാകരൻ. രാപകൽഭേദമില്ലാതെ എണ്ണിത്തിട്ടപ്പെടുത്താനാകാതെ അത്രയധികം ചിത്രങ്ങളുമായി അസംഖ്യം കടകൾ ഉപഭോക്താവിനു വേണ്ടി വായും പിളർന്നിരിക്കുന്നു. തനിക്ക് വേണ്ടത്ര ചിത്രങ്ങൾ കണ്ടെത്തുക എന്നത് ദിവാകരനെ സംബന്ധിച്ച് ക്ളേശകരമാണ്. വെളിച്ചത്തിന്റെ ധൂർത്താൽ ചതിക്കപ്പെട്ട ഒരു അന്വേഷിയായി ദിവാകരൻ മാറുകയാണ്. ദിവാകരൻ എന്ന പേരിനെപ്പോലും കബളിപ്പിക്കുന്ന വിപണിയുടെ ക്രൂരകിരണങ്ങളേറ്റ് വാടിത്തളരുകയാണ് വെളിച്ചഹേതുവായ ദിവാകരൻ .

മാതാപിതാക്കളുടെ ചിത്രങ്ങൾ വാങ്ങാൻ വിപണിയുടെ സമുദ്രത്തിൽ തുഴയില്ലാതെ കുഴഞ്ഞു വീണ ദിവാകരന് അഭിമുഖീകരിക്കേണ്ടിവരുന്നത് ആറും ഏഴും വയസ്സുള്ള രണ്ട് കുട്ടികളെയാണ്. ചൊടിയുള്ള കാലടിശബ്ദത്തോടെ വന്ന അവർ ദിവാകരനടുത്തെത്തി നിറകണ്ണുകളോടെ നോക്കി, ദിവാകരൻ എന്ന ഛായാപടത്തെ പർച്ചേസ് ചെയ്യുന്നു. ഒരു കടലാസ് കൂട്ടിലാക്കി കടക്കാരൻ ദിവാകരനെ ഭംഗിയായി പൊതിയാൻ തുടങ്ങുന്നു. മരിച്ചവരുടെ ഛായാപടങ്ങൾ മാത്രം വിൽക്കുന്ന തെരുവിൽ ജീവിച്ചിരുക്കുന്നവരുടെ അസ്തിത്വം ദുശ്ശകുനമാകുന്നത് കഥാകൃത്ത് വെളിപ്പെടുത്തുന്നു. നാം നമുക്കുതന്നെ അപരിചിതരാവുന്ന പ്രശ്നപരിസരമാണ് അവകാശപ്രശ്നമായി വരുന്നത്. മാതാപിതാക്കളുടെ ഛായാപടം അന്വേഷിച്ച് അലയേണ്ടിവരുന്നത് അതുകൊണ്ടാണ്. എന്തിനും കച്ചവടസാധ്യത കാണുന്ന, എന്തിനെയും വിറ്റ് കാശാക്കാൻ ശ്രമിക്കുന്ന ഉപഭോഗസംസ്കാരത്തിന്റെ ക്രൂരത ഇവിടെ കാണാം. പണം മാത്രമാണ് വിപണിയിൽ മൂല്യവത്താകുന്നത് . മറ്റെല്ലാം അവിടെ അപ്രസക്തം. ഉൽപ്പന്നം തേടി സ്വയം ഉൽപ്പന്നമായി മാറുന്ന ദിവാകരൻ ഈ ഒരു പരുക്കൻ യാഥാർത്ഥ്യത്തിന്റെ തെളിവാണ് ഉപഭോക്താവിന്റെ ഇഷ്ടാനിഷ്ടങ്ങൾക്ക് നിന്നുകൊടുക്കാതെ ഉൽപ്പന്നങ്ങളുടെ പ്രളയത്തിൽ അവനെ മുക്കിക്കളയുന്ന വിപണനതന്ത്രം കൂടി ധ്വനിപ്പിക്കാൻ പത്മരാജന് കഴിയുന്നു.

വെളിച്ചം, ഇരുട്ട് എന്നീ സ്വാഭാവിക സമയ-കാല നിർണയങ്ങളെ അപ്രസക്തമാക്കുന്ന നിശ്ചലമായ കാലം ഈ കഥയിലുണ്ട്. മരണം അതിന്റെ സൂചനയാണ്. മരിച്ചവരുടെ ഛായാപടം എന്ന കൽപ്പനതന്നെ അകാൽപ്പനികമാകുന്നു. ഒട്ടും ആർഭാടമില്ലാത്ത ഭാഷയിൽ കഥപറഞ്ഞ് ഏകതാനമായ കാൽപ്പനികജീർണതയെ പത്മാജൻ പ്രതിരോധിക്കുന്നു. ഛായാപടങ്ങളുടെ സമുദ്രം, പ്രകാശത്തിന്റെ ധാരാളിത്തം, വെളിച്ചത്തിന് പിന്നിലെ

Scanned with CamScanner

ചതിവ് എന്നീ പ്രയോഗങ്ങൾ ശ്രദ്ധിക്കുക. ചലച്ചിത്രനിഷ്ഠമായ ആഖ്യാനത്തെ കഥാകൃത്ത് കൊണ്ടുവരുന്നു. ഒരു പകലും , രാത്രിയും ഉദിച്ചുനിന്നസ്തമിക്കുന്ന ദിവാകരനാണ് ഈ കഥയിലെ നായകൻ. ചലച്ചിത്ര കാരനായ പത്മരാജന്റെ സർഗാത്മകവ്യക്തിത്വം നിഴലും വെളിച്ചവും കലർത്തി കഥയ്ക്ക് കൂടുതൽ മിഴിവ് നൽകുന്നുണ്ട്. പടമന്വേഷിച്ച് പടമാകുന്ന (മരിച്ചുപോകുന്ന), പ്രശ്നപരിഹാരം തേടി സങ്കീർണമാകുന്ന , അന്വേഷണങ്ങളെല്ലാം അസ്തമിക്കുന്ന ശൂന്യതാബോധത്തിന്റെ മറുപുറം അന്വേഷിക്കുന്ന പടം പിടിത്തക്കാരനായ കഥാകൃത്തിനെ പത്മരാജന്റെ ഈ കഥയിൽ കാണാം.

ഫോട്ടോകൾക്ക് സമകാലികസമൂഹത്തിലുണ്ടായ പരിണാമത്തെക്കുറിച്ച് ആലോചിക്കാനും പത്മരാജന്റ കഥ വായനക്കാരെ പ്രേരിപ്പിക്കുന്നു. ബ്ളാക്ക് ആൻഡ് വൈറ്റ് ഫിലിം ഫോട്ടോകളിൽ നിന്ന് അതിന്റെ സാധ്യതകൾ ഏറെ വളർന്നു. ഫോട്ടോ ഒരു അപൂർവവസ്തു വായിരുന്നിടത്തു നിന്ന് അത് ഡിജിറ്റൽ സെൽഫിയിലേക്ക് മാറി. സാങ്കേതികവിദ്യയുടെ വളർച്ച മനുഷ്യഭാവനയെയും അവന്റെ സ്വാഭാവിതകളെയും മാറ്റിമറിക്കുന്നുവെന്ന് ഇത് നമ്മെ ബോധ്യപ്പെടുത്തും. ചിത്രം എപ്പോഴും മറുപുറത്തെ ഒളിപ്പിച്ചുവയ്ക്കുന്നു. ജീവിതത്തിന്റെ മറുപുറം തപ്പാനുള്ള അവകാശത്തിന്റെ പ്രശ്നത്തെ നിർദ്ധരിക്കുകയാണ് പി.പത്മരാജന്റെ കഥ.

എം.മുകുന്ദന്റെ 'ആർട്ട് അറ്റാക്ക്' എന്ന കഥ ഇതോടൊപ്പം പരിചയപ്പെടാവുന്ന രചനയാണ്. വിപണിയുടെ സാങ്കേതിക മികവിനു മുന്നിൽ കാലഹരണപ്പെട്ട ഒരു കലാനിരൂപകൻ, മകൾ വരച്ച തന്റെ ചിത്രത്തിൽ മുഖമന്വേഷിച്ച എന്നന്നേക്കുമായി മുഖം നഷ്ടപ്പെടുന്നത് തിരിച്ചറിയുന്ന ദൈന്യമാണ് ഈ കഥ പങ്കുവയ്ക്കുന്നു.

ഏതെങ്കിലും കുറേ പടങ്ങൾ പോരേ? ഇന്നതു തന്നെ വേണമെന്ന് നിർബന്ധം പിടിക്കുന്നത് അത്ര ബുദ്ധിയാണോ? വെറുതെ സമയം പാഴാണ്. ഇതിൽ പ്രതിഫലിക്കുന്ന കച്ചവടക്കാരന്റെ സമീപനം.

- ❖ ഉപഭോക്താവിന്റെ താൽപ്പര്യത്തെക്കാൾ കച്ചവടക്കാരന്റെ താൽപ്പര്യത്തിന് മുൻതൂക്കം.
- ❖ ഉൽപ്പന്നത്തിന്റെ (ഫോട്ടോയുടെ)പെരുക്കത്തിൽ നമുക്ക് വേണ്ടത് തിരഞ്ഞു പിടിക്കുന്നത് ഒരു പാഴ്‌വേലയാണ്.
- ❖ വസ്തുവിന്റെ ഗുണമേന്മയല്ല, വിൽപ്പനയാണ് പ്രധാനം.
- ❖ ദിവാകരനും കുട്ടികൾക്കും ഫോട്ടോയുമായുള്ള വൈകാരിക ബന്ധം.
- ❖ തനിക്ക് ആവശ്യമുള്ള ഫോട്ടോ കണ്ടെത്തണം എന്ന ദിവാകരന്റെ നിർബന്ധം.
- ❖ മരിച്ചുപോയവരുടെ സാന്നിദ്ധ്യം ദിവാകരനും കുട്ടികളും ഫോട്ടോയിൽ കണ്ടെത്തുന്നു.
- ❖ അചഛനമ്മമാരുടെ ഛായാപടങ്ങളുടെ അന്വേഷണം സ്വന്തം പൈതൃകത്തിന്റെ അന്വേഷണമായി മാറുന്നു.

www.rrvgirls.com
canner

❖ ചിത്രങ്ങളുടെ ധാരാളിത്തത്തിൽ മുഖം/സ്വത്വം നഷ്ടപ്പെടുന്ന അവസ്ഥ.

<u>ദിവാകരന്റെ ധർമസങ്കടങ്ങൾ ആവിഷ്കരിക്കുന്ന കഥാസന്ദർഭങ്ങൾ</u>

- കടയിൽ തൂക്കിയിട്ടിരിക്കുന്ന അസംഖ്യം ചിത്രങ്ങൾ ദിവാകരനെ അമ്പരപ്പിക്കുന്നു.
- ഫോട്ടോ തിരയുമ്പോൾ ദിവാകരൻ നേരിടുന്ന പരിഭ്രമവും നിരാശയും.
- വേണ്ടപ്പെട്ട ചിത്രങ്ങൾ ഏതെന്നറിയാതെ കുഴഞ്ഞുപോകുന്ന ദിവാകരൻ
- എണ്ണിത്തിട്ടപ്പെടുത്താനാകാത്തത്ര കടകൾ/വിപണിയിലെ ഉൽപ്പന്നങ്ങളുടെ ധാരാളിത്തം.
- ഛായാപടങ്ങൾ സൂക്ഷിക്കുന്ന മുറികളിലെ വെളിച്ചം ദിവാകരനെ കബളിപ്പിക്കുന്നു.
- ചിത്രങ്ങൾ നോക്കിനിൽക്കെ കൺപോളകൾക്ക് കനംവയ്ക്കുന്നു.
- ഛായാപടങ്ങൾ വാങ്ങാൻ വന്ന് പടമായിത്തീരുന്ന ദിവാകരൻ.

## <u>ദൃശ്യസമാനഭാഷ</u>

1) "'അയാൾ' ആദ്യമായാണ് ആ ഭാഗത്ത് വരുന്നതെന്ന് അപരിചിതമായ ഒരു പകച്ചുനോട്ടം വിളിച്ചറിയിച്ചു".
2) 'അത്രയും പറഞ്ഞുകഴിഞ്ഞപ്പോഴേക്ക് അയാൾ വിവശനായിക്കഴിഞ്ഞിരുന്നു. അയാളുടെ നെറ്റിത്തടത്തിൽ പുതിയ ഗോളങ്ങളുണ്ടായി.'
3) പുതിയൊരുത്സാഹത്തോടെ അയാൾ കടയ്ക്കുള്ളിലേക്ക് കയറിപ്പോയി. അസംഖ്യം ചിത്രങ്ങളുടെ നിരയക്കുമുന്നിൽ എന്തുചെയ്യണമെന്നറിയാതെ അവിടെയും ദിവാകരൻ പകച്ച്നിന്നു.

www.rrvgirls.com

Scanned with CamScanner